മാലയിൽ എൽ.പി.സ്കൂൾ
ഇംഗ്ലീഷ് & മലയാളം മീഡിയം
കാഞ്ഞിരംപാറ ഫോൺ : 9605658999
E-mail: malayillps@gmail.com




# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

# School Profile

| | | |
|---|---|---|
| Name | : | Malayil L.P.S. Kanjirampara |
| Name of Revenue Village/Ward | : | Pooyappally, Kanjirampara |
| Name of Class with Phone No. Class from to | : | LKG to Std.V |
| Name of Panchayat with Phone No | : | Pooyappally 04742462027 |
| Name of Block with Phone No | : | Kottarakkara |
| Name of District | : | Kollam |
| Name of H.M with Phone No | : | P.S.Manoj, 9605658999 |

# അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യങ്ങൾ

- ഗുണമേന്മ ഉറപ്പുവരുത്തുക: ഓരോ കുട്ടിക്കും അവരുടെ കഴിവിനനുസരിച്ച് പഠനനിലവാരം ഉറപ്പാക്കുക.
- കുട്ടിയുടെ സമഗ്ര വികസനം: കുട്ടിയുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.

**മാസ്റ്റർ പ്ലാനിന്റെ ഘടകങ്ങൾ**

**വ്യക്തിഗത മാസ്റ്റർ പ്ലാൻ:**

- ഓരോ കുട്ടിക്കും പ്രത്യേകം പ്ലാൻ

**ക്ലാസ്സ് മാസ്റ്റർ പ്ലാൻ:**

- ഓരോ ക്ലാസ്സിനും വേണ്ടിയുള്ള പ്ലാൻ

**സ്കൂൾ മാസ്റ്റർ പ്ലാൻ:**

- സ്കൂളിന്റെ മൊത്തത്തിലുള്ള അക്കാദമിക് പ്ലാൻ

**ലക്ഷ്യം (vision):**

കളികളിലൂടെയും നൂതന പഠനരീതികളിലൂടെയും കുട്ടികളുടെ പഠനം രസകരവും ഫലപ്രദവും ഗുണാത്മകവുമാക്കുക.

**2. ലക്ഷ്യങ്ങൾ (Objectives)**

ഈ വർഷം സ്കൂൾ നേടാൻ ആഗ്രഹിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ

**വായന മെച്ചപ്പെടുത്തൽ:**

എല്ലാ കുട്ടികൾക്കും നിശ്ചിത സമയത്തിനുള്ളിൽ ലളിതമായ വാക്കുകളും വാക്യങ്ങളും വായിക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

**അടിസ്ഥാന ഗണിതം:**

ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അടിസ്ഥാന ഗണിത ആശയങ്ങൾ (കൂട്ടൽ,കുറയ്ക്കൽ etc.) ഉറപ്പിക്കുക.

**സർഗ്ഗാത്മക കഴിവുകൾ:**

ഓരോ കുട്ടിക്കും അവരുടെ കലാപരമായ കഴിവുകൾ (ചിത്രരചന, പാട്ട്, അഭിനയം etc.) വികസിപ്പിക്കാൻ അവസരമൊരുക്കുക

**ആരോഗ്യകരമായ ശീലങ്ങൾ:**

വ്യക്തിശുചിത്വം, നല്ല ഭക്ഷണശീലം എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുക.

## 3. പ്രവർത്തന പദ്ധതികൾ (Action plans)

ലക്ഷ്യങ്ങൾ നേടാൻ സഹായിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

**ഭാഷാപഠനം (മലയാളം, ഇംഗ്ലീഷ്)**

♦ എല്ലാ ദിവസവും ക്ലാസ്സിൽ വായനാസമയം (Reading time) നിർബന്ധമാക്കുക.

♦ കുട്ടികൾക്ക് താൽപര്യമുള്ള കഥാപുസ്തകങ്ങൾ ഉൾപ്പെടുത്തി ഒരു ലൈബ്രറി കോർണർ ഒരുക്കുക.

♦ വായനാ കാർഡുകൾ, പദസമ്പത്ത് വർദ്ധിപ്പിക്കുന്ന കളികൾ എന്നിവ ഉപയോഗിക്കുക.

**ഗണിതപഠനം**

♦ കളികളിലൂടെയും സംഖ്യാ കാർഡുകൾ ഉപയോഗിച്ചും ഗണിതം പഠിപ്പിക്കുക

♦ ഗണിതലാബ് എന്ന പേരിൽ ലളിതമായ ഗണിത പരീക്ഷണങ്ങൾ നടത്തുക

♦ ദൈനംദിന ജീവിതത്തിലെ ഗണിത ഉപയോഗങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക

**ശാസ്ത്രം,പരിസ്ഥിതി പഠനം**

♦ സ്കൂൾ മുറ്റത്ത് ഒരു ചെറിയ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും ഉണ്ടാക്കുക.

♦ ചെടികളെയും മൃഗങ്ങളെയും നിരീക്ഷിക്കാൻ അവസരമൊരുക്കുക

♦ ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ നടത്തുക

**കലാ-കായിക പ്രവർത്തനങ്ങൾ**

- ♦ സർഗ്ഗവേള എന്ന പേരിൽ ആഴ്ചയിൽ ഒരു പിരിയഡ് കലാപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുക
- ♦ കളികൾക്കും വ്യായാമത്തിനും വേണ്ടിയുള്ള സമയം വർദ്ധിപ്പിക്കുക ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കലാമേളകൾ സംഘടിപ്പിക്കുക

**ഐ.ടി പഠനം**

- കമ്പ്യൂട്ടർ ലാബ് സജീവമാക്കുക
- കുട്ടികൾക്ക് ലളിതമായ കമ്പ്യൂട്ടർ ഗെയിമുകൾ, ഡ്രോയിംഗ് പ്രോഗ്രാമുകൾ എന്നിവ പരിചയപ്പെടുത്തുക

**4.നടപ്പാക്കലും വിലയിരുത്തലും (Implementation & Evaluation)**

**ചുമതലകൾ:**

- ഓരോ പ്രവർത്തനത്തിന്റെയും ചുമതല ഏത് അധ്യാപകർക്കാണ്, എപ്പോഴാണ് പൂർത്തിയാക്കേണ്ടത് എന്ന് നിജപ്പെടുത്തുന്നു.

**വിലയിരുത്തൽ**

- ഓരോ മാസവും പ്ലാൻ എത്രത്തോളം നടപ്പാക്കി എന്ന് വിലയിരുത്തുക, പ്രവർത്തനപുരോഗതി ചർച്ച ചെയ്യാൻ രണ്ടാഴ്ചയിൽ ഒരിക്കൽ അധ്യാപക യോഗം ചേരുക.
- കുട്ടികളുടെ പ്രകടനം വിലയിരുത്താൻ ലളിതമായ ടെസ്റ്റുകളും നിരീക്ഷണങ്ങളും ഉപയോഗിക്കുക

**രക്ഷിതാക്കളുടെ പങ്കാളിത്തം**

- കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തുക.
- രക്ഷിതാക്കൾക്ക് പഠനത്തെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുക.
- പ്രവർത്തന പുരോഗതി ചർച്ച ചെയ്യാൻ ഓരോ മാസവും ക്ലാസ് പി.റ്റി.എ നടത്തുക.
- കുട്ടികളുടെ പ്രകടനം വിലയിരുത്താൻ ലളിതമായ ടെസ്റ്റുകളും നിരീക്ഷണങ്ങളും ഉപയോഗിക്കുക.
- പി.ടി.എ മീറ്റിംഗുകളിൽ കുട്ടികളുടെ പുരോഗതി ചർച്ച ചെയ്യുന്നു.

**2.പഠന സൗകര്യങ്ങളുടെ വിനിയോഗം**

**ലൈബ്രറി:**

- എല്ലാ ക്ലാസ്സുകൾക്കും ലൈബ്രറി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സമയക്രമം (Time Table) ഉണ്ടാക്കുക. ഓരോ ആഴ്ചയിലും ഓരോ ക്ലാസിനും ലൈബ്രറി പീരീഡ് നൽകാം.

**കമ്പ്യൂട്ടർ ലാബ്:**

- കമ്പ്യൂട്ടറുകളുടെ എണ്ണം അനുസരിച്ച് കുട്ടികളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം നൽകുക. ഒരു കമ്പ്യൂട്ടറിന് 2-3 കുട്ടികൾ എന്ന അനുപാതത്തിൽ ഉപയോഗിക്കാം.

**കളിസ്ഥലം:**

♦ എല്ലാ കുട്ടികൾക്കും കളിക്കാൻ അവസരം ലഭിക്കുന്ന രീതിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്ലേടൈം ക്രമീകരിക്കുക. ഉദാഹരണത്തിന്, ഓരോ ക്ലാസ്സിനും പ്രത്യേക സമയം നൽകുക.

**3. അക്കാദമിക് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക**

- ♦ വായിച്ചാലും വളരും: എല്ലാ ദിവസവും ഒരു നിശ്ചിത സമയം (ഉദാഹരണത്തിന് 15 മിനിറ്റ്) മുഴുവൻ ക്ലാസിലും വായനക്കായി മാറ്റിവെക്കുക. ഈ സമയം എല്ലാ കുട്ടികളും അധ്യാപകരും വായനയിൽ മുഴുകണം

**പ്രവർത്തന ലാബുകൾ:**

- ♦ ഗണിതം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്ക് ചെറിയ ഗ്രൂപ്പുകൾക്കായി പ്രവർത്തനലാബുകൾ ഒരുക്കുക. ഇത് പഠനം കൂടുതൽ എളുപ്പമാക്കും.

**യൂണിഫോം വിലയിരുത്തൽ**

- ♦ എല്ലാ ക്ലാസ്സുകളിലും പഠന നിലവാരം ഉറപ്പാക്കാൻ ഒരുപോലെയുള്ള വിലയിരുത്തൽ രീതികൾ (ഉദാഹരണത്തിന് മാസത്തിൽ ഒരു ടെസ്റ്റ് പുരോഗതി റിപ്പോർട്ടുകൾ) നടപ്പാക്കുക.

**4. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം**

- ♦ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഓരോ ക്ലാസ്സിനും പ്രത്യേകം പി.ടി.എ മീറ്റിംഗുകൾ സംഘടിപ്പിക്കുക
- ♦ കോർണർ പി.റ്റി.എ,
- ♦ സ്കൂളിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ സമൂഹത്തെ അറിയിക്കാൻ സോഷ്യൽ മീഡിയയും സ്കൂൾ വെബ്സൈറ്റും ഫലപ്രദമായി ഉപയോഗിക്കുക.